**ഭരണഭാഷ മാതൃഭാഷ**

**ഓർമ്മക്കുറിപ്പ്-1**

നം/ഐസിഡിഎസ്സ്/എ7-31434/2021

വനിതശിശുവികസനഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി -12/10/2021
ഇമെയിൽ-directorate.wcd@kerala.gov.in
ഫോൺ നം 0471 2346534

വനിതശിശുവികസനഡയറക്ടർ

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
(പത്തനംതിട്ട/കോട്ടയം ഒഴികെ)

സർ

വിഷയം : വനിതശിശുവികസനവകുപ്പ്-ഐസിഡിഎസ്സ്-MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള അങ്കണവാടി കെട്ടിട നിർമ്മാണം സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ 09/09/2021 തീയതിയിലെ ഐസിഡിഎസ്സ്/എ7-31434/2021നമ്പർ കത്ത്

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 720 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളിലായി ഈ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. നിർമ്മാണാനുമതി നൽകിയ അങ്കണവാടികളിൽ വിവിധകാരണങ്ങളാൽ നിർമ്മാണം സാദ്ധ്യമാകാത്തതും മറ്റ് പദ്ധതികളിൽ ഉൾപ്പെട്ട് നിർമ്മാണം പുരോഗമിക്കുന്നതോ/പൂർത്തിയാക്കിയതോ ആയ അങ്കണവാടികളെ MGNREGS പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനായി അത്തരം അങ്കണവാടികളുടെ വിവരം സിഡിപിഒമാരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനും, ഒഴിവാക്കുന്ന അങ്കണവാടികൾക്ക് പകരം അങ്കണവാടികളെ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ടി വിവരവും അറിയിക്കുന്നതിനും സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ പ്രൊപ്പോസലുകളൊന്നും തന്നെ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. ആയതിനാൽ അടിയന്തിരമായി പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

വനിതശിശുവികസനഡയറക്ടർക്ക് വേണ്ടി

പകർപ്പ്

എല്ലാ സിഡിപിഒമാർക്കും